# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# യോശുവ സ്ഥാനം ഏറ്റെടുക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest
Alastair P.
അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2020 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

മോശെ മരിച്ചുകഴിഞ്ഞു.
യിസ്രായേലിനെ നയിക്കുവാൻ ദൈവം
തന്നെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നു
യോശുവയ്ക്ക് അറിയാമായിരുന്നു.
സൈന്യത്തെ തയ്യാറാക്കുന്നതിനുമുമ്പ്
യോശുവയ്ക്ക് സ്വയം
തയ്യാറാകണമായിരുന്നു.
ജനം ദൈവത്തിന്റെ
വചനം അനുസരിച്ചാൽ
വാഗ്ദത്തനാട്ടിൽ
തങ്ങൾക്ക്
വിജയവും സമൃദ്ധിയും
ഉാകുമെന്നു ദൈവം
യോശുവയോട് വാഗ്ദത്തം
ചെയ്തിരുന്നു.





തങ്ങൾ യോശുവയെ പിമ്പറ്റിക്കൊള്ളാമെന്നും എപ്പോഴും ദൈവത്തെ അനുസരിച്ചുകൊള്ളാമെന്നും യിസ്രായേൽ മക്കൾ വാക്കുപറഞ്ഞിരുന്നു. മഹാനഗരമായ യെരീഹോവിലെ പ്രതിരോധ ശക്തിയെക്കുറിച്ച് മനസ്സിലാക്കേതിന് ബുദ്ധിമാനായ പുതിയ നേതാവ് ചാരന്മാരെ കനാനിലേക്ക് അയച്ചു. യിസ്രായേലിന്റെ ആദ്യത്തെ യുദ്ധം അവിടെയാണ് ചെയ്യേത്.



പട്ടണത്തിൽ ചാരന്മാർ വന്നിട്ടുണ്ട് യെരീഹോ രാജാവിനോട് ആരോ പറഞ്ഞു. അവരെ കത്തുവാൻ അവൻ പട്ടാളക്കാരെ അയച്ചു. അങ്ങനെ ചാരന്മാർ താമസിച്ചിരുന്ന രാഹാബിന്റെ വീട്ടിലും സൈന്യം അന്വേഷിച്ചു വന്നു. പട്ടാളക്കാർ വാതിലിൽ ആഞ്ഞിടിച്ചു. പെട്ടെന്ന് രാഹാബ് ആ മനുഷ്യരെ ചണത്തുകളുടെ ഇടയിൽ ഒളിപ്പിച്ചിരുത്തി.

പട്ടാളക്കാർ
പോയിക്കഴിഞ്ഞപ്പോൾ,
രാഹാബ്
കിളിവാതിലിലൂടെ
ഒരു കയറുകെട്ടി
ഇറക്കിവിടുകയും
അവർ സുരക്ഷിതമായി
പട്ടണമതിലിന് പുറത്ത്
വരികയും ചെയ്തു.
അവൾ ഈ ചാരന്മാരെ
സഹായിക്കാൻ
കാരണമെന്താണ്?



ദൈവം
അവരോടുകൂടെ
ഉണ്ട് അവൾ
അറിഞ്ഞിരുന്നു. ദൈവം
അവളുടെ ജീവനെ
രക്ഷിക്കണമെന്നു
അവൾ ആഗ്രഹിച്ചു.
രാഹാബിനെയും
കുടുംബത്തെയും
രക്ഷിക്കാമെന്നു
ചാരന്മാർ
വാക്കുപറകയും
ചെയ്തു.



യെരീഹോവിൽ എത്തുന്നതിനു മുമ്പ് യിസ്രായേൽ യോർദ്ദാൻ നദി കടക്കണമായിരുന്നു. അതു കടന്നാൽ മാത്രമേ വാഗ്ദത്ത ദേശമായ കനാനിൽ എത്തുവാൻ കഴിയുകയുള്ളു. എന്നാൽ അവിടെ പാലം ഇല്ല! പിന്നെങ്ങനെ ജനങ്ങൾ നദി കടക്കും?



പത്തു കല്പനകൾ അടങ്ങിയ നിയമ പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ സൈന്യത്തെയും ജനത്തെയും നയിക്കണമെന്നു ദൈവം യോശുവയോട് കല്പിച്ചു. പുരോഹിതന്മാരുടെ പാദങ്ങൾ വെള്ളത്തിന്റെ അരികത്ത് എത്തിയപ്പോൾ ദൈവം ഒരു അത്ഭുതം പ്രവർത്തിച്ചു. വെള്ളത്തിലൂടെ ദൈവം ഒരു ഉണങ്ങിയ വഴി ഉാക്കി.



ജനമെല്ലാം സുരക്ഷിതമായി ഇക്കരെ കടന്നശേഷം അവർ യോർദ്ദാന്റെ നടുവിൽ പന്ത്രണ്ട് കല്ലുനാട്ടി. മറ്റു പന്ത്രണ്ട് കല്ല് കനാന്റെ തീരത്തും വെച്ചു. ദൈവത്തിന്റെ വലിയ സ്നേഹത്തെയും മഹാ പ്രവർത്തിയെയും
ജനങ്ങൾ തങ്ങളുടെ തലമുറകൾക്ക്
പറഞ്ഞുകൊടുക്കേതിന്
ഒരു അടയാളമായിട്ടാണ്
ഈ കല്ലുകൾ
സ്ഥാപിച്ചിരിക്കുന്നത്.





വലിയ മതിലോടുകൂടിയ ശക്തമായ പട്ടണമായിരുന്നു യെരീഹോ. തന്റെ ആക്രമണത്തെക്കുറിച്ച് യോശുവ പദ്ധതി തയ്യാറാക്കിയപ്പോൾ, തന്റെ ജനത്തിനുവേി താൻ യുദ്ധംെ ചയ്ത് ജയിക്കുമെന്ന് യിസ്രായേലിന്റെ പുതിയ നേതാവിനെ ഓർപ്പിക്കേതിന് ദൈവം സ്വർഗ്ഗത്തിൽനിന്ന് തന്റെ സൈന്യത്തിന്റെ ക്യാപ്റ്റനെ അയച്ചു.



യെരീഹോവിനെ ആക്രമിക്കേണ്ടത് എങ്ങനെയെന്ന്
ദൈവം യോശുവയോടു പറഞ്ഞു. വളരെ അപരിചിതമായ
ഒരു പദ്ധതിയായിരുന്നു അത്. ദൈവത്തിന്റെ ജനം ആ
പട്ടണത്തിനു ചുറ്റും ആറു ദിവസം ഓരോ പ്രാവശ്യവും
ഏഴാം ദിവസം ഏഴുപ്രാവശ്യവും ചുറ്റണമായിരുന്നു.
പിന്നെയവർ കാഹളം ഊതുകയും ആർപ്പിടുകയും
വേണം. അപ്പോൾ പട്ടണ മതിൽ തകർന്നുവീഴും!



ദൈവം കല്പിച്ചിരുന്നതുപോലെ തന്നെ യോശുവയും സൈന്യവും ചെയ്തു. യെരീഹോവാസികൾ അവരെക്ക് ചിരിച്ചുകാണും. എന്നാൽ, ഏഴാം ദിവസത്തെ ഏഴാം തവണത്തെ ചുറ്റലും കഴിഞ്ഞപ്പോൾ പുരോഹിതൻ ആട്ടിൻ കൊമ്പ് ഊതി. ഉടനെ ദൈവം വാഗ്ദത്തം ചെയ്തിരുന്നതുപോലെതന്നെ... യെരീഹോവിന്റെ വലിയ മതിലുകൾ തകർന്നുവീണു!










മതിലിന്മേലുള്ള രാഹാബിന്റെ വീടു
മാത്രം സംരക്ഷിക്കപ്പെട്ടു. അവൾ ജനലിൽ
കൂടെ ചുവപ്പു ചരട് തൂക്കിയിട്ടിരുന്നു. പെട്ടെന്ന്
യോശുവയുടെ ആളുകൾ രാഹാബിനെയും
അവളുടെ കുടുംബത്തെയും രക്ഷിച്ചു.
പിന്നെ, ദൈവം കല്പിച്ചിരുന്നതു
പോലെ യെരീഹോ പട്ടണം നശിപ്പിച്ചു.



യെരീഹോവിൽ നിന്നു
കിട്ടിയ പൊന്നും വെള്ളിയും സകല
ദ്രവ്യങ്ങളും യോശുവ യഹോവയ്ക്കായി
സമർപ്പിച്ചു. ഈ പട്ടണം പുതുക്കിപ്പണിയാൻ
ആരെങ്കിലും ശ്രമിച്ചാൽ അവന്റെ മേൽ വരുന്ന
ശാപത്തെക്കുറിച്ചും യോശുവ ശപദം ചെയ്തു.



യോശുവ യെരീഹോ പട്ടണത്തെ
കീഴ്പ്പെടുത്തിയ വാർത്ത കനാൻ
നിവാസികളുടെയടുത്ത് അതിവേഗം
എത്തി. ദൈവം തന്റെ ജനത്തോടുകൂടെ
ഉന്ന് അവരും അറിഞ്ഞു.

യോശുവ സ്ഥാനം ഏറ്റെടുക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോശുവ 1–6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130


അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ച യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റ്
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.
യോഹന്നാൻ 3:16